LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

2010 ഡിസംബർ 23, വ്യാഴം

നിയമസഭ 2010 ഡിസംബർ മാസം 23-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗംചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ..... ഓർഡർ ..... ചോദ്യം നമ്പർ 61

മെഡിക്കൽ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനം

1 (*61) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആരംഭിച്ച മെഡിക്കൽ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനങ്ങൾക്കായി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത സർവ്വകലാശാല പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാക്കുവാൻ ഇനിയും എന്തൊക്കെ സൗകര്യങ്ങളാണ് ഒരുക്കേണ്ടത് എന്ന് വ്യക്തമാക്കാമോ ;

(സി) ആധുനിക വൈദ്യശാസ്ത്രത്തോടൊപ്പം വേറെ ഏതെല്ലാം ചികിത്സാ രീതികൾ പ്രസ്തുത സർവ്വകലാശാലയുടെ കീഴിൽ കൊണ്ടു വരുന്നതിന് നടപടി സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഏതൊക്കെ മേഖലയിലെ സർക്കാർ/സ്വകാര്യ കോളേജുകളെ പ്രസ്തുത യൂണിവേഴ്സിറ്റിയിൽ അഫിലിയേറ്റ് ചെയ്യാൻ നടപടി സ്വീകരിച്ചു എന്ന് അറിയിക്കാമോ ;

(ഇ) വിവിധ കോളേജുകളുടെ അഫിലിയേഷൻ സംബന്ധിച്ച നടപടിക്രമങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ): സർ,

(എ) കേരളത്തിൽ നിലവിലുള്ള ആരോഗ്യ വിദ്യാഭ്യാസ ഗവേഷണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ഈ മേഖലകളുടെ സമഗ്ര വികസനവും പരിപോഷണവും സാധ്യമാക്കുകയാണ് പ്രധാനമായും കേരള ആരോഗ്യ സർവ്വകലാശാല സ്ഥാപിച്ചതിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. പ്രശസ്ത മെഡിക്കൽ വിദ്യാഭ്യാസ വിദഗ്ധനായ ഡോ. കെ. മോഹൻദാസിനെ വൈസ്-ചാൻസലറായി നിയമിച്ചു. പ്രോ-വൈസ്-ചാൻസലർ, രജിസ്ട്രാർ, കൺട്രോളർ ഓഫ് എക്സാമിനേഷൻസ് തുടങ്ങിയ പ്രധാന തസ്തികകളിലും നിയമനം നടത്തിയിട്ടുണ്ട്. ഗവേണിംഗ് കൗൺസിൽ രൂപീകരിക്കുകയും കൗൺസിൽ യോഗംചേർന്ന് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്യുന്നുണ്ട്. യൂണിവേഴ്സിറ്റിയുടെ ആസ്ഥാനമന്ദിരം സ്ഥാപിക്കുന്നതിന് തൃശൂർ മെഡിക്കൽ കോളേജ് കാമ്പസ്സിൽ നിന്നും 63.60 ഏക്കർ ഭൂമി യൂണിവേഴ്സിറ്റിക്കായി സർക്കാർ നൽകിക്കഴിഞ്ഞു. ആധുനിക വിവര സാങ്കേതിക വിദ്യാസംവിധാനങ്ങളുടെ സഹായത്തോടെ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനം ലളിതവും സുതാര്യവുമാക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. കെട്ടിട നിർമ്മാണത്തിനും മറ്റുമായി 20 കോടി രൂപ സർക്കാർ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ യൂണിവേഴ്സിറ്റിയുടെ ദൈനംദിന ചെലവുകൾക്കായി 2.5 കോടി രൂപയും ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

യൂണിവേഴ്സിറ്റി ഓർഡിനൻസിലെ സെക്ഷൻ 50 പ്രകാരം ഓർഡിനൻസ് നിലവിൽ വരുന്നതിനുമുമ്പ് സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിൽ ആരോഗ്യ വിദ്യാഭ്യാസ മേഖലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള എല്ലാ സ്ഥാപനങ്ങളും പുതുതായി രൂപീകരിച്ച സർവ്വകലാശാലയിൽ സ്വയമേവ അഫിലിയേറ്റ് ചെയ്യുന്നതിന് യൂണിവേഴ്സിറ്റി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2011-12-ലേയ്ക്കുള്ള അഫിലിയേഷൻ നടപടിയും ആരംഭിച്ചിട്ടുണ്ട്. ആരോഗ്യ വിദ്യാഭ്യാ മേഖലയിലെ കോഴ്സുകൾക്ക് ആദ്യ വർഷത്തെ സിലബസ് തയ്യാറാക്കി കഴിഞ്ഞിട്ടുണ്ട്. തുടർന്നുള്ള വർഷത്തെ സിലബസ് ക്രോഡീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

(ബി) ആരോഗ്യ സർവ്വകലാശാല ഇപ്പോൾ പ്രവർത്തിക്കുന്നത് തൃശൂർ മെഡിക്കൽ കോളേജ് കാമ്പസ്സിലെ താൽക്കാലിക കെട്ടിടത്തിലാണ്. യൂണിവേഴ്സിറ്റിക്ക് സ്ഥിരം ആസ്ഥാന മന്ദിരം പണിയുന്നതിന് ഇതേ കോളേജ് കാമ്പസ്സിലെ 63.60 ഏക്കർ ഭൂമി സർക്കാർ വിട്ടുകൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇതിനോട് ചേർന്ന് കിടക്കുന്ന 17.95 ഏക്കർ സ്വകാര്യ ഭൂമികൂടി സർവ്വകലാശാലയ്ക്ക് വേണ്ടി ഏറ്റെടുക്കാനുള്ള നടപടികളും നടന്നുവരുന്നു. യൂണിവേഴ്സിറ്റി കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഇതിനകം തന്നെ ടെക്നിക്കൽ കൺസൾട്ടൻസി നൽകി കഴിഞ്ഞിട്ടുണ്ട്.

(സി) കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആന്റ് അലൈഡ് സയൻസസ് ഓർഡിനൻസ് 2010 പ്രകാരം ആധുനിക വൈദ്യശാസ്ത്രത്തോടൊപ്പം ആയുർവേദം, ഹോമിയോപ്പതി, സിദ്ധ, യുനാനി, നാച്ചുറോപ്പതി, പാരാമെഡിക്കൽ സയൻസ്, ഡെന്റൽ, ഫാർമസി, നഴ്സിംഗ് എന്നീ മേഖലകളും ഈ യൂണിവേഴ്സിറ്റയുടെ പ്രവർത്തന പരിധിയിൽപ്പെടുത്തിയിട്ടുണ്ട്.

(ഡി & ഇ) യൂണിവേഴ്സിറ്റി ഓർഡിനൻസിലെ സെക്ഷൻ 50 പ്രകാരം ഓർഡിനൻസ് നിലവിൽ വരുന്നതിന് മുമ്പ് സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിൽ ആരോഗ്യ-വിദ്യാഭ്യാസ മേഖലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള എല്ല സ്ഥാപനങ്ങളും പുതുതായി രൂപീകരിച്ച സർവ്വകലാശാലയിൽ സ്വയമേവ അഫിലിയേറ്റ് ചെയ്യുന്നതിന് യൂണിവേഴ്സിറ്റി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതു പ്രകാരം 2010-11 വർഷത്തെ അഫിലിയേഷൻ പൂർത്തിയാക്കുകയും 2011-12 വർഷത്തെ അഫിലിയേഷൻ നടത്താനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. ടി. എൻ. പ്രതാപൻ : സർ, കേരളത്തിലെ ജനങ്ങൾ വളരെയേറെ പ്രതീക്ഷയോടുകൂടി കണ്ട ഒന്നാണ് നമ്മുടെ മെഡിക്കൽ സർവ്വകലാശാല. മെഡിക്കൽ സർവ്വകലാശാലയുടെ പല നടപടികളും ആരംഭത്തിൽത്തന്നെ വലിയ വിവാദങ്ങൾക്കും ആരോപണങ്ങൾക്കും വിധേയമായിരിക്കുകയാണ്. കാരണം, അവിടത്തെ അഫിലിയേഷനുകൾ, കോഴ്സുകൾ, നിയമനങ്ങൾ എന്നിവ സംബന്ധിച്ച് മാതൃഭൂമി, മലയാള മനോരമ, മാധ്യമം ഉൾപ്പെടെയുള്ള മുഖ്യധാര പത്രങ്ങളിലെല്ലാം വളരെയേറെ വിവാദപരമായ വാർത്തകൾ പരമ്പരകളായി വന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഗവേണിംഗ് കൗൺസിൽ ഇപ്പോൾ നടത്തിയിരിക്കുന്ന നിയമനങ്ങളെയും കൊടുത്തിരിക്കുന്ന കോഴ്സുകളേയും അഫിലിയേഷനുകളേയും സംബന്ധിച്ച് അടിയന്തരമായി ഒരു സമഗ്ര അന്വേഷണം നടത്തുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, ഇത് പൊതുവായിട്ടുള്ള പ്രശ്നമെന്നുള്ള നിലയിൽ പറഞ്ഞതുകൊണ്ട് എനിക്ക് ഏതാണ് പറയേണ്ടതെന്നതിനെ സംബന്ധിച്ച് വ്യക്തതയില്ല. ബഹുമാനപ്പെട്ട അംഗം ടി. എൻ. പ്രതാപൻ കൃത്യമായി എന്തെങ്കിലും ഒരു പരാതി ചൂണ്ടിക്കാണിക്കുകയാണെങ്കിൽ അതിന് കൃത്യമായി മറുപടി നൽകും. ആരോഗ്യ സർവ്വകലാശാലയുമായി ബന്ധപ്പെട്ടുകൊണ്ട് ഒരു തരത്തിലുമുള്ള അനധികൃത നിയമനമോ അല്ലെങ്കിൽ മറ്റേതെങ്കിലും തരത്തിലുള്ള ഗവൺമെന്റിന്റെ അനുമതി കൂടാതെയുള്ള അഫിലിയേഷനോ നൽകുന്നതിന് ആരോഗ്യ സർവ്വകലാശാല തയ്യാറായിട്ടില്ല. പക്ഷേ ഒരു പ്രശ്നത്തിൽ ഹൈക്കോടതിയുടെ

LIBRARY ARCHIVES Kerala Legislative Assembly

വിധിയിലൂടെ ഒരു കോളേജിന് കൺസന്റ് ഓഫ് അഫിലിയേഷനാണ് കൊടുത്തത്. ബഹുമാനപ്പെട്ട ഹൈക്കോടതി ആ വിധിയിൽത്തന്നെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഈ കൺസന്റ് ഓഫ് അഫിലിയേഷൻ എന്ന് പറയുന്നത്, മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം കിട്ടുന്നതിനു വേണ്ടി അപേക്ഷിക്കേണ്ടുന്ന ഒരു അനുമതി മാത്രമാണ്. കേരളത്തിലെ എല്ലാ സർവ്വകലാശാലകളും കൊടുത്തുകൊണ്ടിരിക്കുന്ന ഒന്നാണിത്. എന്നാൽ ആദ്യം കരുണ മെഡിക്കൽ കോളേജ് കാലിക്കട്ട് സർവ്വകലാശാലയിൽ അപേക്ഷ നൽകിയപ്പോൾ ആ അപേക്ഷാ ഫോറം ഇവിടെ എത്തുകയും അതിനെക്കുറിച്ച് പരിശോധിക്കുന്നതിന് ഒരു ടീം അവിടെ പോയപ്പോൾ അവർക്ക് അതിനുള്ള സൗകര്യമില്ലായെന്നുപറഞ്ഞ് നിഷേധിച്ചു. പക്ഷേ അതിനെതിരെ കരുണ മെഡിക്കൽ കോളേജ് ഹൈക്കോടതിയെ സമീപിച്ചപ്പോൾ കൺസന്റ് ഓഫ് അഫിലിയേഷൻ കൊടുക്കാമെന്നാണ് ഹൈക്കോടതിയുടെ വിധിയിൽ പറയുന്നത്. നിങ്ങൾ നാളെത്തന്നെ കൺസന്റ് ഓഫ് അഫിലിയേഷൻ കൊടുക്കണമെന്നാണ് ആ വിധിയിൽ പറയുന്നത്. കാരണം, 31-ാം തീയതി എന്ന് പറയുന്ന ഡേറ്റ് കഴിയുകയാണ്. അത് കഴിഞ്ഞാൽ പിന്നീട് ഗവൺമെന്റ് കൊടുക്കണം. പിന്നീട് വീണ്ടും പ്രൊവിഷണൽ പ്രൊമോഷൻ യൂണിവേഴ്സിറ്റി കൊടുക്കണം. സാധാരണ കൺസന്റ് ഓഫ് അഫിലിയേഷൻ എന്നുപറയുന്നത് എല്ലാ കോഴ്സുകൾക്കും കോളേജുകൾക്കും കൊടുക്കുന്ന ഒന്നാണ്. പക്ഷേ ഒരു കോളേജിന് മാത്രമേ ഇപ്പോൾ കൊടുത്തിട്ടുള്ളൂ. അത് തന്നെ കൊടുത്തിരുന്നില്ല. ഹൈക്കോടതി വിധിയെ തുടർന്നാണ് ഒരു സെൽഫ് ഫൈനാൻസിംഗ് മെഡിക്കൽ കോളേജിന് കൺസന്റ് ഓഫ് അഫിലിയേഷൻ കൊടുത്തത്.

<u>ശ്രീ. ടി. എൻ. പ്രതാപൻ</u>: സർ, അഫിലിയേഷനേയും അപ്രൂവലിനേയും പുതിയ കോഴ്സുകളേയും സീറ്റുകളുടെ വർദ്ധനവിനേയും ഒക്കെ സംബന്ധിച്ചായാലും എക്സ്പെർട്ട് കമ്മിറ്റിയുടെ പരിശോധനയ്ക്കുശേഷം മാത്രമേ അപ്രൂവൽ കൊടുക്കാൻ പാടുള്ളൂവെന്നാണ് ഓർഡിനൻസിൽ തന്നെ പറയുന്നത്. എക്സ്പെർട്ട് കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണോ അപ്രൂവൽ കൊടുത്തതെന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ഒരു പരിശോധന നടത്തണം. സ്വാശ്രയ സ്ഥാപനങ്ങൾക്കാണ് പി. ജി. കോഴ്സുകളുൾപ്പെടെ കൊടുത്തിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് അഞ്ച് ഗവൺമെന്റ് മെഡിക്കൽ കോളേജുകളുണ്ട്. ഗവൺമെന്റ് മെഡിക്കൽ കോളേജുകൾക്കും ഗവൺമെന്റ് നഴ്സിംഗ് കോളേജുകൾക്കും ഉൾപ്പെടെ കോഴ്സുകൾ കൊടുക്കാതെ സ്വാശ്രയ സ്ഥാപനങ്ങൾക്കുവേണ്ടി മാത്രം കോഴ്സുകൾ കൊടുക്കുന്ന, സീറ്റ് വർദ്ധിപ്പിച്ച് കൊടുക്കുന്ന ഒരു സ്ഥാപനമായി ഇതിലെ ഗവേണിംഗ് കൗൺസിൽ മാറുമോ; എക്സ്പെർട്ട് കമ്മിറ്റി റിപ്പോർട്ട് അങ്ങ് ഒന്ന് പരിശോധിക്കുമോ ?

<u>ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ</u>: സർ, 2010-11-ൽ സർക്കാർ എൻ.ഒ.സി. നൽകിയിട്ടുള്ള പ്രകാരം താഴെപ്പറയുന്ന 8 കോളേജുകൾക്ക് ആരോഗ്യ സർവ്വകലാശാല പ്രൊവിഷണൽ അഫിലിയേഷൻ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് പരിശോധിച്ച് പഠനം നടത്തി അവരുടെ റെക്കമെന്റേഷനനുസരിച്ച് കൊടുത്തിട്ടുള്ള കോളേജുകൾ എന്നുപറയുന്നത് മലബാർ മെഡിക്കൽ കോളേജ് (കോഴിക്കോട്). അത് ഗവൺമെന്റിന്റെ തീരുമാനമനുസരിച്ചുള്ളതാണ്. അഹല്യ ആയുർവേദ കോളേജ്, ഫാർമസി കോളേജ് രണ്ടെണ്ണം, ബി.എസ്.സി. എം.എൽ.ടി.കോഴ്സുകൾ, ബി.പി.ടി. കോളേജുകൾ ഇതിനൊക്കെ മാത്രമേ ആരോഗ്യ സർവ്വകലാശാല പ്രൊവിഷണൽ അഫിലിയേഷൻ നൽകിയിട്ടുള്ളൂ. പക്ഷേ സെൽഫ് ഫൈനാൻസിംഗ് മേഖലയിലാണെങ്കിൽ പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ റിപ്പോർട്ടിന്റെയും റെക്കമെന്റേഷന്റെയും എക്സ്പെർട്ട് കമ്മിറ്റി പരിശോധിച്ചതിന്റെയുമൊക്കെ അടിസ്ഥാനത്തിൽ ഗവൺമെന്റ് കൊടുത്ത എൻ.ഒ.സി.-ക്ക് ശേഷം യൂണിവേഴ്സിറ്റി പ്രൊവിഷണൽ അഫിലിയേഷൻ കൊടുത്തിട്ടുണ്ട്. പക്ഷേ ഒരേയൊരു കോളേജിനുമാത്രം കൺസന്റ് ഓഫ് അഫിലിയേഷൻ കൊടുത്തു, പക്ഷേ പ്രൊവിഷണൽ അഫിലിയേഷൻ അല്ല കൊടുത്തത്. ഈ പ്രൊവിഷണൽ അഫിലിയേഷൻ കൊടുക്കണമെങ്കിൽ മെഡിക്കൽ കൗൺസിലിൽനിന്നും തിരിച്ചുവന്ന് പരിശോധിച്ച് അവരുടെ റിപ്പോർട്ട് സമർപ്പിച്ചതിനുശേഷം ഗവൺമെന്റ് എൻ.ഒ.സി. കൊടുത്തതിനുശേഷം മാത്രമേ സർവ്വകലാശാലയ്ക്ക് പ്രൊവിഷണൽ അഫിലിയേഷൻ കൊടുക്കാൻ സാധിക്കുകയുള്ളൂ. അല്ലാതെ പ്രൊവിഷണൽ അഫിലിയേഷൻ ആർക്കും കൊടുത്തിട്ടില്ല.

<u>ശ്രീ. എം. മുരളി</u>: സർ, സർവ്വകലാശാലയുടെ രജിസ്ട്രാർ കഴിഞ്ഞ ദിവസം രാജിവച്ചിരിക്കുകയാണ്. അപ്പോൾ പുത്തരിയിൽതന്നെ കല്ല് കടിക്കുന്നു എന്നുള്ളതിന്റെ സൂചനയാണിത്. എക്സ്പെർട്ട് കമ്മിറ്റി തള്ളിക്കളഞ്ഞ, അടിസ്ഥാന സൗകര്യങ്ങളില്ലായെന്ന് പറഞ്ഞ കരുണയ്ക്ക് ഇത് കൊടുക്കുന്നതിനുവേണ്ടി യൂണിവേഴ്സിറ്റിയുടെ അഭിഭാഷകൻ ഹൈക്കോടതിയിൽ ഒളിച്ചുകളി നടത്തിയെന്ന ആരോപണം ഉയർന്നുവന്നിരിക്കുന്നു. കരുണയുടെ കാര്യത്തിൽ മാത്രമല്ല യൂണിവേഴ്സിറ്റിയുടെ കീഴിൽ അഫിലിയേറ്റ് ചെയ്ത നിരവധി സ്വാശ്രയ കോളേജുകളിൽ പി.ജി.-ക്ക് 300 സീറ്റുകൾ പുതുതായി കൊടുക്കാനുള്ള അപേക്ഷകൾ അവർ പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. ഇതിൽ കോടികളുടെ അഴിമതി നടത്തിയിട്ടുണ്ട്. അതുകൊണ്ട് സർക്കാർ അടിയന്തരമായി ഇടപെട്ടുകൊണ്ട് ഇത് തടയാനുള്ള നടപടികൾ സ്വീകരിക്കുമോ ?

<u>ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ</u>: സർ, തികച്ചും അടിസ്ഥാനരഹിതമായിട്ടുള്ള ഒരു കാര്യമാണിത്. ആകെ പി. ജി.-ക്ക് സീറ്റുള്ളത് ഡീംഡ് യൂണിവേഴ്സിറ്റി അമൃതയിലാണ്. ഒരിക്കലും ഗവൺമെന്റിന്റെ എൻ.ഒ.സി. ഇല്ലാതെ ആരോഗ്യ സർവ്വകലാശാലയ്ക്ക് പ്രൊവിഷണൽ അഫിലിയേഷൻ കൊടുക്കാൻ സാധ്യമല്ല. ഗവൺമെന്റ് എൻ.ഒ.സി. കൊടുത്തതിനുശേഷം മാത്രമേ പ്രൊവിഷണൽ അഫിലിയേഷൻ കൊടുക്കാൻ സാധിക്കുകയുള്ളൂ. കഴിഞ്ഞ വർഷം അമൃത ഇൻസ്റ്റിറ്റ്യൂട്ടിനും ഈ വർഷം കാരക്കോണം സി.എസ്.ഐ. മെഡിക്കൽ കോളേജിനും പി. ജി. ക്ക് ഗവൺമെന്റാണ്

LIBRARY ARCHIVES Kerala Legislative Assembly

എൻ.ഒ.സി. കൊടുത്തിട്ടുള്ളത്. കാരക്കോണം മെഡിക്കൽ കോളേജിൽ പി.ജി.-ക്ക് സൗകര്യമുണ്ടെന്ന് ഗവൺമെന്റ് പരിശോധിച്ച് മനസ്സിലാക്കിയിട്ട് എൻ.ഒ.സി. കൊടുത്തതിനുശേഷമാണ് യൂണിവേഴ്സിറ്റി അഫിലിയേഷൻ കൊടുക്കുന്നത്. ആകെ പി.ജി. സീറ്റ് കൊടുത്തത് എവിടെയാണെന്ന് ചോദിച്ചാൽ എം.എസ്.സി. നഴ്സിംഗിന് മാത്രമാണ്. എം.ഡി., എം.എസ് എന്നൊക്കെ പറയുന്നത് തീർത്തും തെറ്റാണ്. ഒരുകാര്യം കൂടി, ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഒരു വെർഷൻ ഞാൻ വായിക്കാം. "The object of the consent of affiliation is not to see whether the petitioner has complied with all the conditions for grant of permission or affiliation. Consent of affiliation would only signify the consent of the University to grant affiliation, provided all the conditions are met when permission is granted by Government of India. The admission starting for the P.G Course has not yet been..... Government to the Medical Council....." ഗവൺമെന്റിന്റെ എൻ.ഒ.സി. ഇല്ലാതെ ഒരു കാരണവശാലും സർവ്വകലാശാലകൾക്കോ കോളേജിനോ അഫിലിയേഷൻ കൊടുക്കുകയില്ല, കൊടുത്തിട്ടുമില്ല.

ശ്രീ. അൽഫോൺസ് കണ്ണന്താനം: സർ, സർക്കാർ ആദ്യം ആലോചിച്ചപ്പോൾ മെഡിക്കൽ ആന്റ് ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി തുടങ്ങാനായിരുന്നു പ്ലാൻ. കാരണം ഇന്ന് നമ്മുടെ ടെക്നിക്കൽ കോളേജുകളും എഞ്ചിനീയറിംഗ് കോളേജുകളും സാധാരണ യൂണിവേഴ്സിറ്റിയിലാണ് അഫിലിയേറ്റ് ചെയ്യുന്നത്. പക്ഷേ അവരുടെ കീഴിൽ പ്രവർത്തിച്ചാൽ ഒരു ഗ്ലോബൽ സ്റ്റാൻഡേർഡിൽ എത്താൻ കഴിയുകയില്ല എന്നതുകൊണ്ട് മെഡിക്കൽ ആന്റ് ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി തുടങ്ങാനായിരുന്നു പ്ലാൻ. അപ്പോൾ മെഡിക്കൽ യൂണിവേഴ്സിറ്റിയോടൊപ്പം എഞ്ചിനീയറിംഗ് കോളേജുകൾ കൂടി അഫിലിയേറ്റ് ചെയ്ത് ഒരു ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയാക്കാൻ സാധിക്കുമോ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, അത് സാധ്യമല്ല. കാരണം ഇത് ആരോഗ്യ മേഖലയിലുള്ള ആരോഗ്യ വിദ്യാഭ്യാസ സ്ഥാപനങ്ങളെ അഫിലിയേറ്റ് ചെയ്യുന്ന ഒരു സർവ്വകലാശാലയാണ്. ഇതിൽത്തന്നെ ഇപ്പോൾ ഇരുന്നൂറിലേറെ സ്ഥാപനങ്ങൾ അഫിലിയേറ്റ് ചെയ്തുകഴിഞ്ഞിട്ടുണ്ട്. അതു കൊണ്ട് ടെക്നിക്കൽ എഞ്ചിനീയറിംഗ് വിംഗ് എന്നുള്ള നിലയിൽ അതിനെ നമുക്കിതിൽ ഉൾപ്പെടുത്താൻ സാധ്യമല്ല.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, ടെക്നിക്കൽ യൂണിവേഴ്സിറ്റികളെ സാധാരണ യൂണിവേഴ്സിറ്റികളിൽനിന്നും വിഭിന്നമായി വ്യത്യസ്തത പുലർത്തുന്ന ഒരു യൂണിവേഴ്സിറ്റി എന്നുള്ള നിലയ്ക്കാണ് വിഭാവനം ചെയ്തത്. ഈ സാഹചര്യത്തിൽ വെറും അഫിലിയേഷനും അഡ്മിനിസ്ട്രേഷനും എക്സാമിനേഷൻ കണ്ടക്ട് ചെയ്യലുമല്ലാതെ ഗവേഷണത്തിന് പ്രാധാന്യം കൊടുത്തുകൊണ്ടും ടീച്ചേഴ്സിന്റെ അക്കാഡമിക് ക്വാളിഫിക്കേഷൻസ് ഗുണപരമായി അപ്ഡേറ്റ് ചെയ്യാനുമുള്ള പുതിയ വല്ല സംവിധാനങ്ങളും ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, തീർച്ചയായിട്ടും ഉദ്ദേശിക്കുന്നുണ്ട്. ഈ സർവ്വകലാശാല തീർത്തും വ്യത്യസ്തമായിട്ടുള്ള രീതിയിൽ പ്രത്യേകിച്ച് പരിസ്ഥിതി സൗഹൃദ സർവ്വകലാശാലയാക്കി ഗവേഷണത്തിനും നിരീക്ഷണത്തിനും വളരെയേറെ പ്രാധാന്യം കൊടുത്തുകൊണ്ട് നടത്തണമെന്നുള്ള നിലയിലാണ് ഈ ഓർഡിനൻസിൽ പറഞ്ഞിട്ടുള്ളത്. ഈ നിയമസഭാ സമ്മേളനത്തിൽത്തന്നെ അത് നിയമമാക്കാൻ കഴിയുമെന്നാണ് വിശ്വസിക്കുന്നത്. ഒരു പക്ഷേ, ഇന്ത്യയിലെ ഏറ്റവും നല്ലൊരു സർവ്വകലാശാലയായി തൃശൂരിലെ മെഡിക്കൽ സർവ്വകലാശാല മാറുമെന്ന പ്രതീക്ഷയാണ് ഗവൺമെന്റിനുള്ളത്.

ശ്രീമതി ഇ. എസ്. ബിജിമോൾ : സർ, മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് അന്യസംസ്ഥാന ലോബികൾ വൻ ചൂഷണമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. മറ്റു പല സംസ്ഥാനങ്ങളിലും ഇതൊരു ബിസിനസ്സായി മാറിയിട്ടുണ്ട്. പ്രത്യേകിച്ച് ആന്ധ്രാ, കർണ്ണാടക, ബോംബെ അടക്കമുള്ള പ്രദേശങ്ങളിൽ ഉന്നത വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് കുട്ടികൾ നാലുമുതൽ ഏഴ് ലക്ഷം രൂപ വരെ മുടക്കേണ്ടിവരുന്നുണ്ട്. നമ്മൾ ഇവിടെ സീറ്റ്വർദ്ധിപ്പിക്കാമെന്നൊരു ധാരണ ഉണ്ടാക്കിയാൽ അഴിമതിയാണെന്ന് പറഞ്ഞ് ഒരു ഭാഗത്തുനിന്ന് ബഹളമുണ്ടാക്കുകയും എന്നാൽ ഈ രംഗത്തെ കുട്ടികൾ മറ്റു സംസ്ഥാനങ്ങളിൽ വൻ ചൂഷണത്തിന് ഇരയാകുകയും ചെയ്യുന്ന സാഹചര്യവുമുണ്ടാകുന്നുണ്ട്. ഈ പ്രശ്നത്തെ സംബന്ധിച്ച് ഗവൺമെന്റ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എത്രമാത്രം കുട്ടികൾ സംസ്ഥാനത്തിനുപുറത്തുപോയി പഠിക്കുന്നുണ്ട് എന്നുള്ളതിനെ സംബന്ധിച്ച് ഗവൺമെന്റിന് കണക്കുണ്ടോ; പ്രത്യേകിച്ച് പെൺകുട്ടികളാണ് നഴ്സിംഗ് അടക്കമുള്ള മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് മറ്റ് സംസ്ഥാനങ്ങളിൽ പോയി പഠിക്കുന്നതെന്നുള്ളതു കൊണ്ട് ഗവൺമെന്റ് ഈ പ്രശ്നം ഗൗരവമായി കാണുകയും നമ്മുടെ സംസ്ഥാനത്ത് അവർക്ക് പഠിക്കുന്നതിനുള്ള സാഹചര്യമുണ്ടാക്കുകയും ചെയ്യുമോ?

ശ്രീമതി. പി. കെ. ശ്രീമതി ടീച്ചർ : സർ, അതിനുവേണ്ടിയാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. സെൽഫ് ഫൈനാൻസ് മേഖലയിൽ രണ്ട് കോളേജുകളിൽ മാത്രമേ ഗവൺമെന്റ് ഇപ്പോൾ പി. ജി. കോഴ്സ് അനുവദിച്ചിട്ടുള്ളൂ. അതിൽ ഒന്ന് സി.എസ്.ഐ. മെഡിക്കൽ കോളേജ് കാരക്കോണം, രണ്ട്, കണ്ണൂർ മെഡിക്കൽ കോളേജ്, കണ്ണൂർ. കൊച്ചി സഹകരണ മെഡിക്കൽ കോളേജ് കോ-ഓപ്പറേറ്റീവ് സെക്ടറാണല്ലോ? ഈ സെൽഫ് ഫൈനാൻസിംഗ് മേഖലയിലെ രണ്ട് സ്ഥാപനങ്ങളും അൻപത് ശതമാനം സീറ്റുകൾ സർക്കാരിന്റെ പൊതു പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിലുള്ള ഗവൺമെന്റ് ലിസ്റ്റിൽ നിന്ന് പ്രവേശനം നടത്തുമെന്ന് എഗ്രിമെന്റ് വച്ചതിനുശേഷമാണ് എൻ.ഒ.സി. കൊടുത്തത്. അതിനുശേഷമാണ് സർവ്വകലാശാല അഫിലിയേറ്റ് ചെയ്തത്.

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, സംസ്ഥാനത്ത് ഏറ്റവും പിന്നോക്കം നിൽക്കുന്നതും അതുപോലെ ഭാഷാ ന്യൂനപക്ഷമുള്ളതുമായ

കാസർഗോഡ് ജില്ലയിൽ മെഡിക്കൽ യൂണിവേഴ്സിറ്റിയുടെ ഒരു സെന്റർ ആരംഭിക്കുവാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീമതി. പി. കെ. ശ്രീമതി ടീച്ചർ : സർ, സെന്റർ ആരംഭിക്കുന്നത് എവിടെയാണെന്നതിനെപ്പറ്റി ഇപ്പോൾ ആലോചിച്ചിട്ടില്ല. കാരണം ശൈശവ ദിശയിലുള്ള ഒരു യൂണിവേഴ്സിറ്റി എന്നുള്ള നിലയിൽ അതിന്റെ പ്രവർത്തനം വളരെ വിപുലമാകുമ്പോൾ, സെന്ററിനെക്കുറിച്ച് ആലോചിക്കുമ്പോൾ തീർച്ചയായിട്ടും ഇത് പരിശോധിക്കാം.

ശ്രീ. പി. വിശ്വൻ : സർ, ആരോഗ്യ വിദ്യാഭ്യാസ മേഖലയെ കൊള്ള ചെയ്യുന്ന മേഖലയാക്കി മാറ്റാനുള്ള ശ്രമം ലോകത്താകമാനം നടന്നുകൊണ്ടിരിക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട തേറമ്പിൽ രാമകൃഷ്ണൻ പറഞ്ഞ ചോദ്യമാണ് പ്രധാനമായും പ്രസക്തമായും എന്റെ മനസ്സിലുള്ളത്. മാനവരാശിക്കാവശ്യമായ പുത്തൻ ഗവേഷണ കേന്ദ്രങ്ങളാക്കി മാറ്റാനും മാനവരാശിയെ രക്ഷിക്കുന്ന പുതിയ കണ്ടുപിടിത്തങ്ങളുടെ മഹത്തായ സെന്റർ ഓഫ് എക്സലന്റുകളാക്കി മാറ്റാനും വിദേശ യൂണിവേഴ്സിറ്റികളുമായി ബന്ധപ്പെട്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീമതി. പി. കെ. ശ്രീമതി ടീച്ചർ : സർ, യൂണിവേഴ്സിറ്റിയുടെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്ന് ഗവേഷണവും നിരീക്ഷണവുമാണ്. അതുപോലെ പഠനത്തിനാവശ്യമായ സൗകര്യങ്ങൾ ഗവൺമെന്റ് ചെയ്തുകൊടുക്കാമെന്നുള്ള നിലയിൽത്തന്നെ മുമ്പും പ്രഖ്യാപിച്ചിട്ടുണ്ട്. ഈ യൂണിവേഴ്സിറ്റി പ്രവർത്തനം ആരംഭിക്കുമ്പോൾ വളരെ പ്രഗത്ഭരായിട്ടുള്ള ആളുകൾക്ക് അവിടെ വരാനും അതുപോലെ കേരളത്തിലുള്ള ഡോക്ടേഴ്സിന് ഗവേഷണം നടത്തുവാനുള്ള സൗകര്യവും സംവിധാനവും ഈ യൂണിവേഴ്സിറ്റിയിൽ ഉണ്ടാവും.

ശ്രീ. തോമസ് ചാഴികാടൻ : സർ, ഈ മെഡിക്കൽ യൂണിവേഴ്സിറ്റി മോഡേൺ മെഡിസിനും ആയുർവ്വേദ, ഹോമിയോ, നാച്ചുറോപ്പതി, സിദ്ധ തുടങ്ങിയ എല്ലാ സ്ട്രീമിലുമുള്ള ആരോഗ്യ രംഗത്തേയും ഉൾപ്പെടുത്തിക്കൊണ്ടുള്ളതാണെന്ന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിച്ചു. ഇങ്ങനെയൊരു യൂണിവേഴ്സിറ്റി ആരംഭിക്കുന്നതിനെക്കുറിച്ച് ചർച്ച ആരംഭിച്ചപ്പോൾ തന്നെ സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ പ്രത്യേകിച്ച് അലോപ്പതി മെഡിക്കൽ കോളേജുകളുടെയും നഴ്സിംഗ് കോളേജുകളുടെയും എണ്ണം വർദ്ധിച്ചിട്ടുണ്ട്. അതുകൊണ്ട് ആ മേഖലയിൽ റിസർച്ച് നടത്തുന്നതിനും കൂടുതൽ മെച്ചപ്പെട്ട വിദ്യാഭ്യാസ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ടിയായിരുന്നുവെങ്കിലും ഇത്തരത്തിൽ എല്ലാ മേഖലയിലേയ്ക്കും പോകുന്ന ഒരു സംവിധാനം വന്നാൽ നമ്മൾ ഉദ്ദേശിക്കുന്ന ലക്ഷ്യം നേടാൻ കഴിയുമോ എന്നൊരു സംശയമുണ്ട്. പ്രത്യേകിച്ച് ഇപ്പോൾ സഭയിൽത്തന്നെ വെറ്ററിനറി സർവ്വകലാശാലയ്ക്കും ഫിഷറീസിനും പ്രത്യേകമായി യൂണിവേഴ്സിറ്റികൾ സ്ഥാപിക്കുന്നതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly

നിയമം വരുന്ന സാഹചര്യത്തിൽ മോഡേൺ മെഡിസിനും അതുമായി ബന്ധപ്പെട്ട സയൻസിനും മാത്രമായി ഈ യൂണിവേഴ്സിറ്റിയെ നിശ്ചയിക്കുന്നതിനും ഹോമിയോ പോലെയുള്ള ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിനു മാത്രമായി മറ്റൊരു യൂണിവേഴ്സിറ്റിയും സ്ഥാപിക്കുമോ?

ശ്രീമതി. പി. കെ. ശ്രീമതി ടീച്ചർ: സർ, ഈ സന്ദർഭത്തിൽ ആദരണീയനായ ഡോക്ടർ വല്യത്താൻ എഴുതിയ പുസ്തകത്തെക്കുറിച്ചാണ് ഓർക്കുന്നത്. അദ്ദേഹം മോഡേൺ മെഡിസിന്റെ വളരെ പ്രഗത്ഭനായ ഡോക്ടറാണ്. അദ്ദേഹം ആയുർവ്വേദത്തെ സംബന്ധിച്ച് എഴുതിയ പുസ്തകം ഒരു പക്ഷേ ബഹുമാനപ്പെട്ട പല അംഗങ്ങളുടെയും ശ്രദ്ധയിൽപ്പെട്ടിരിക്കും. ആയുർവ്വേദവും മോഡേൺ മെഡിസിനും ഒന്നിച്ചുചേർന്ന് നടത്തുന്ന പല ചികിത്സയും കേരളത്തിൽ മാത്രമല്ല ഇന്ത്യയ്ക്കകത്തുമുണ്ടെന്നുള്ളത് ബഹുമാനപ്പെട്ട തോമസ് ചാഴികാടന് അറിയാം. ഇത്തരത്തിലുള്ള വിവിധ സബ്ജക്ടുകൾ ഒന്നിച്ചുവന്നാൽ ഒരു ദോഷവുമില്ല. കാരണം, കേരളാ യൂണിവേഴ്സിറ്റിയിൽ ഈ കഴിഞ്ഞ കാലഘട്ടങ്ങളിൽ എല്ലാ റഗുലർ കോളേജുകളും -എഞ്ചിനീയറിംഗ് കോളേജും മെഡിക്കൽ കോളേജും നഴ്സിംഗ് കോളേജുകമെല്ലാം ഒന്നിച്ചായിരുന്നു. എന്നാൽ മെഡിക്കൽ ആന്റ് അലൈഡ് സയൻസസ് എന്ന ഹെൽത്തുമായി ബന്ധപ്പെട്ടുകൊണ്ടുള്ള എല്ലാ ശാസ്ത്രവും ഒന്നിച്ചുചേരുന്ന ഒരു സർവ്വകലാശാല എന്നുള്ള നിലയിൽ ഇതിൽ യാതൊരു അസാംഗത്യവുമില്ല എന്നുള്ളതാണ് ഗവൺമെന്റിന്റെ അഭിപ്രായം. അത് നല്ലതാണെന്നുള്ള അഭിപ്രായവുംകൂടി എനിക്കുണ്ട്.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, മെഡിക്കൽ സർവ്വകലാശാല ആരംഭിക്കുന്ന തീരുമാനവും അതിന്റെ നടപടിക്രമങ്ങളും നല്ല നിലയിൽ മുന്നോട്ടുപോകുകയാണ്. സർവ്വകലാശാലയുടെ കോഴ്സ് നിർണ്ണയിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള പൊതുജനാരോഗ്യ സംവിധാനത്തെ ശക്തിപ്പെടുത്താൻ പര്യാപ്തമാകുന്ന സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ ഒരു നിരതന്നെ നമുക്കാവശ്യമുണ്ട്. അത്തരം കോഴ്സുകൾക്ക് പ്രാധാന്യം നൽകി ആരംഭിക്കാനാവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, ഈ സർക്കാരിന്റെ കാലയളവിൽ ഏകദേശം നാന്നൂറോളം പുതിയ പി. ജി. സീറ്റുകൾ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇതിനൊക്കെ പുറമേ സ്പെഷ്യലിസ്റ്റ് ഡോക്ടേഴ്സിന്റെയും സൂപ്പർ സ്പെഷ്യാലിറ്റി ബിരുദമുള്ള ഡോക്ടേഴ്സിന്റെയും ആവശ്യകത കണക്കിലെടുത്തുകൊണ്ട് സെൽഫ് ഫൈനാൻസിംഗ് മെഡിക്കൽകോളേജുകൾ ഒരു യാഥാർത്ഥ്യമായിട്ടുള്ള ഇന്നത്തെ സാഹചര്യത്തിലും അവർ എം. ബി. ബി. എസ്. ബിരുദമെടുത്തതിനുശേഷം പോസ്റ്റ് ഗ്രാജുവേഷനിലേക്ക് പോകേണ്ട ഒരു ഘട്ടത്തിൽ സെൽഫ് ഫൈനാൻസിംഗ് മെഡിക്കൽ കോളേജിൽ അത് നിഷേധിക്കുന്നത് ശരിയല്ല. അതുകൊണ്ട് സെൽഫ് ഫൈനാൻസിംഗ് മെഡിക്കൽ കോളേജ് ഗവൺമെന്റിന്റെ നയത്തിന് അനുസരിച്ച് 50 ശതമാനം സീറ്റുകൾ തരുകയാ

LIBRARY ARCHIVES Kerala Legislative Assembly

ണെങ്കിൽ തീർച്ചയായിട്ടും അവർക്കെല്ലാം പി. ജി. സീറ്റ് കൊടുക്കണമെന്നുള്ള അഭിപ്രായമാണ് ഗവൺമെന്റിനുള്ളത്. പക്ഷേ അവിടെ അതിനുള്ള ഫാക്കൽറ്റീസും സംവിധാനവും ഉണ്ടാകണം.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, നിർദ്ദിഷ്ട മെഡിക്കൽ സർവ്വകലാശാലയിൽ ആയുർവ്വേദ യൂണിവേഴ്സിറ്റി കൂടി ഉൾപ്പെടുമെന്നാണ് അങ്ങ് പറയുന്നത്. അങ്ങനെയാണെങ്കിൽ വളരെ വർഷങ്ങളായി നിരന്തരമായി സഭയിൽ ആവശ്യപ്പെടുകയും അങ്ങു തന്നെ പലതവണ പ്രഖ്യാപിക്കുകയും ഒരു ഡീംഡ് യൂണിവേഴ്സിറ്റിയായി കേന്ദ്ര സർക്കാർ പ്രഖ്യാപിക്കുമെന്ന് പാർലമെന്റിൽ പ്രഖ്യാപനംവരെ നടത്തുകയും ചെയ്ത കോട്ടയ്ക്കൽ ആയുർവ്വേദ സർവ്വകലാശാലയുടെ ഭാവി എന്താകും; ഇപ്പോൾ സെന്റർ ഫോർ എക്സലൻസിനുവേണ്ടി അവിടെ കോടിക്കണക്കിന് രൂപയുടെ നിർമ്മാണപ്രവർത്തനങ്ങൾ നടക്കുകയാണ്. ഒരു ആയുർവ്വേദ സർവ്വകലാശാല എന്ന കോട്ടയ്ക്കലിന്റെ പ്രതീക്ഷയ്ക്ക് ചിറക് മുളയ്ക്കുമോ; ഇതിനായി ഗവൺമെന്റ് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, കൊച്ചിയിലെ അമൃത ഡീംഡ് യൂണിവേഴ്സിറ്റിപോലെ കോട്ടക്കയ്ൽ ഒരു ഡീംഡ് യൂണിവേഴ്സിറ്റി ആക്കണമെന്നുള്ള ആഗ്രഹമായിരുന്നു കേരളത്തിലുള്ളവർക്കെല്ലാം ഉണ്ടായിരുന്നത്. പക്ഷേ ഡീംഡ് യൂണിവേഴ്സിറ്റിയായി അംഗീകരിക്കുന്ന കാര്യം സെൻട്രൽ ഗവൺമെന്റ് പിന്നീട് വേണ്ടെന്നുള്ള നിലപാട് സ്വീകരിക്കുകയും ഈ അടുത്തകാലത്ത് പരിശോധിക്കാം എന്ന നിലയിലുള്ള അഭിപ്രായ പ്രകടനങ്ങൾ നടത്തുകയുമുണ്ടായി. പക്ഷേ ഡീംഡ് യൂണിവേഴ്സിറ്റി എന്നതിനുപകരം ഒരു സെന്റർ ഓഫ് എക്സലൻസായി കോട്ടയ്ക്കൽ ആയുർവ്വേദ സർവ്വകലാശാലയെ മാറ്റുക എന്നുള്ളതുതന്നെയാണ് ഏറ്റവും പ്രധാനം. ഡീംഡ് യൂണിവേഴ്സിറ്റിയായി തീരുമാനമെടുക്കേണ്ടത് ഞാനോ ഇവിടത്തെ കേരള ഗവൺമെന്റോ അല്ലല്ലോ, നമ്മൾ അതിനുള്ള അപേക്ഷ കൊടുത്തിട്ടുണ്ട്. സെൻട്രൽ ഗവൺമെന്റാണ് തീരുമാനിക്കേണ്ടത്. സെൻട്രൽ ഗവൺമെന്റ് തീരുമാനിക്കുകയാണെങ്കിൽ വളരെ സന്തോഷമാണ്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, മെഡിക്കൽ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് മെഡിക്കൽ വിദ്യാഭ്യാസ മേഖലയിലാണ് ഇപ്പോൾ ഊന്നൽ നൽകിക്കാണുന്നത്. അങ്ങനെയൊരു സർവ്വകലാശാല നിലവിൽ വരുമ്പോൾ ആരോഗ്യ മേഖലയിൽ സമഗ്രമായ വികാസം ലക്ഷ്യമാക്കുന്നുണ്ടെങ്കിൽ നമ്മുടെ ഇപ്പോഴത്തെ ആരോഗ്യ സ്ഥാപനങ്ങൾ, ആശുപത്രികൾ എന്നിവയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനാവശ്യമായ എന്തെങ്കിലും പരിഷ്ക്കാര പദ്ധതികളോ നിർദ്ദേശങ്ങളോ ഈ യൂണിവേഴ്സിറ്റി നിലവിൽ വരുമ്പോൾ സമൂഹത്തിന് ലഭ്യമാകുമോ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, ഗവൺമെന്റ് കോളേജുകളെ കോൺസ്റ്റിറ്റ്യൂവന്റ് കോളേജുകളാക്കാമെന്ന് നിയമത്തിന്റെ ഒരു ഭാഗത്തിൽ പറയുന്നുണ്ട്. കോൺസ്റ്റിറ്റ്യൂവന്റ് കോളേജുകളാക്കി മാറ്റുമ്പോൾ അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ഭാഗമായിട്ടുള്ള ആശുപത്രികൾ യൂണിവേഴ്സിറ്റിയുടെ ഭാഗമായി വരുമോ എന്നുള്ള കാര്യം നിയമപ്രകാരം ആ രീതിയിൽ ചർച്ച ചെയ്തിട്ടില്ല. പക്ഷേ ചികിത്സാലയം എന്നുള്ള നിലയിൽ ആശുപത്രികൾ ഏറ്റവും നല്ല നിലയിൽ ഗുണനിലവാരം ഉയർത്തേണ്ടതാണ്. അതേസമയം യൂണിവേഴ്സിറ്റിക്കും അതിന്റെ റോൾ ഇല്ലെന്ന് പറയാൻ പറ്റില്ല. കാരണം ആരോഗ്യ-വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ടുകൊണ്ടാണ് യൂണിവേഴ്സിറ്റി പ്രവർത്തിക്കുന്നതെങ്കിലും അത് ഫലപ്രദമാകണമെങ്കിൽ നമ്മുടെ ചികിത്സാരംഗം കൂടി മെച്ചപ്പെടേണ്ടതുണ്ട്; അതിലൂടെ മാത്രമേ ചികിത്സാ രംഗവും മെച്ചപ്പെടുകയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശിവദാസൻ നായർ: സർ, ആരോഗ്യ മേഖലയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കൂടുതൽ ശ്രദ്ധ കിട്ടുന്നതിനുവേണ്ടിയാണ് ആരോഗ്യ സർവ്വകലാശാല സ്ഥാപിക്കുന്നത്. ഇപ്പോൾ കൂടുതൽ കോഴ്സുകൾ നൽകുകയോ കൂടുതൽ അഫിലിയേറ്റഡ് കോളേജുകൾ ഉണ്ടാകുകയോ ചെയ്യുന്നതിനേക്കാളുപരി നിലവിലുള്ള സ്ഥാപനങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കുക എന്നതായിരിക്കണം നമ്മുടെ ലക്ഷ്യം. അതിനുവേണ്ടി പ്രത്യേകമായി ഈ യൂണിവേഴ്സിറ്റിയുടെ ഭരണതലത്തിൽ എന്തൊക്കെ മുൻകരുതലുകളാണ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, യൂണിവേഴ്സിറ്റി വന്നതിനു ശേഷം അവരുടെ നിരന്തരമായ പരിശ്രമം ഒരുപാടുണ്ട്. ജനുവരി മാസം കോലഞ്ചേരിയിൽ വച്ച് എല്ലാ വൈദ്യശാസ്ത്ര ശാഖകളെയും കൂട്ടിയോജിപ്പിച്ചുകൊണ്ട് ഒരു വലിയ സെമിനാർതന്നെ സംഘടിപ്പിക്കുന്നുണ്ട്. അതായത് ഇപ്പോൾത്തന്നെ അക്കാഡമിക് തലത്തിൽ ചില കാര്യങ്ങൾ ചെയ്യാൻ വേണ്ടി യൂണിവേഴ്സിറ്റി ശ്രമം ആരംഭിച്ചിട്ടുണ്ട്. വിശദമായിട്ടുള്ള എല്ലാ കാര്യങ്ങളും പറയണമെങ്കിൽ അതിന് കുറച്ച് സമയം വേണം. കഴിഞ്ഞ ഒരു വർഷംകൊണ്ട് വളരെയേറെ കാര്യങ്ങൾ നമ്മുടെ യൂണിവേഴ്സിറ്റി ആരോഗ്യ മേഖലയിൽ ചെയ്തിട്ടുണ്ട്. മറ്റ് കാര്യങ്ങളൊക്കെ ഈ വർഷമാണ് വരാൻ പോകുന്നത്.

ശ്രീ. കെ. രാജു: സർ, ഒരു പുതിയ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന് മെഡിക്കൽ കൗൺസിൽ നേരത്തെ നിർദ്ദേശിച്ചിരുന്ന നിബന്ധനകളിൽ ഇപ്പോൾ എന്തെങ്കിലും ഇളവുകൾ വരുത്തിയിട്ടുണ്ടോ; അങ്ങനെ ഇളവുകൾ വരുത്തിയിട്ടുണ്ടെങ്കിൽ അത് എന്തെല്ലാമെന്ന് വിശദീകരിക്കാമോ ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, മെഡിക്കൽ കൗൺസിൽ ഇപ്പോൾ ഇളവ് വരുത്തിയിട്ടുണ്ട്. പുതിയ സെൽഫ് ഫൈനാൻസിംഗ് മെഡിക്കൽ കോളേജുകൾ സ്ഥാപിക്കുന്നതിന് ഗവൺമെന്റ് എൻ.ഒ.സി. കൊടുക്കുന്നില്ലെങ്കിൽപ്പോലും സെൽഫ് ഫൈനാൻസിംഗ് മെഡിക്കൽ കോളേജുകളിലെ എം. ബി. ബി. എസ്. ഫസ്റ്റ് ബാച്ച് ഇറങ്ങിക്കഴിഞ്ഞാൽ അവർക്ക് പി. ജി. സീറ്റിന് മെഡിക്കൽ കൗൺസിലിന് അപേക്ഷിക്കാമെന്ന ഭേദഗതി ഇപ്പോൾ കൊണ്ടുവന്നിട്ടുണ്ട്. കേരളത്തിലെ പല മെഡിക്കൽ

കോളേജുകളും വർഷങ്ങൾക്ക് മുമ്പ് തുടങ്ങിയതാണ്. അതുകൊണ്ട് പി. ജി. സീറ്റ് ഗവൺമെന്റ് നിഷേധിച്ചാൽപ്പോലും മെഡിക്കൽ കൗൺസിലിന് കൊടുക്കാവുന്നതേയുള്ളൂ എന്ന ഒരു ചെറിയ ഭേദഗതി ഈ അടുത്ത കാലത്ത് കൊണ്ടുവന്നിട്ടുണ്ട്.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, കേരളത്തിൽ ധാരാളം സർവ്വകലാശാലകൾ വരികയാണ്. എല്ലാ ചികിത്സാ സ്കീമുകളെയും കൂട്ടിച്ചേർത്തുകൊണ്ട് മെഡിക്കൽ സർവ്വകലാശാലയും വരാൻ പോകുകയാണ്. സർവ്വകലാശാലകൾ ഉണ്ടായതുകൊണ്ട് കേരളത്തിലെഗവേഷണമൊന്നും വലിയ മെച്ചപ്പെട്ടിട്ടില്ല. ഇവിടെ നടക്കുന്ന ഗവേഷണങ്ങളെക്കുറിച്ച് മോശപ്പെട്ട രീതിയിലുള്ള പത്രവാർത്തകളാണ് വരുന്നത്. മെഡിക്കൽ സർവ്വകലാശാല സ്ഥാപിക്കുമ്പോൾ അഫിലിയേറ്റഡ് കോളേജുകളുടെ ഭരണം നടത്തുക എന്ന തിനപ്പുറം മറ്റൊന്നും ചെയ്യാൻ കഴിയില്ല. ഇപ്പോഴുള്ള പുതിയ ചിന്താഗതി ഈ കാമ്പസ് യൂണിവേഴ്സിറ്റി തന്നെയാണ്. സർവ്വകലാശാലകളുടെ ഏറ്റവും വലിയ ലക്ഷ്യം ഗവേഷണത്തിന് പ്രാധാന്യം നൽകുന്നതാണ്. പുതിയ വിജ്ഞാനം വർദ്ധിപ്പിക്കാൻ വേണ്ടിയുള്ള ശ്രമങ്ങളാണ് അവിടെ നടത്തേണ്ടത്. അഫിലിയേറ്റഡ് കോളേജുകളെ നിയന്ത്രിക്കാവുന്നതിനപ്പുറം കാമ്പസ് യൂണിവേഴ്സിറ്റിയാക്കി മാറ്റി ഗവേഷണത്തിന് പ്രാധാന്യം കൊടുക്കുകയും മറ്റ് മെഡിക്കൽ കോളേജുകൾക്ക് ഓട്ടോണമസ് പദവി നൽകുകയും ചെയ്യുന്നതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, ആരോഗ്യ സർവ്വകലാശാലയ്ക്ക് വലിയ തോതിലൊന്നും ചെയ്യാൻ പറ്റില്ലെന്ന് പറയുന്നത് ശരിയല്ല. കാരണം, കേരളത്തിന്റെ അയൽപക്ക സ്റ്റേറ്റുകളിലെല്ലാം വർഷങ്ങൾക്കുമുമ്പ് ആരോഗ്യ സർവ്വകലാശാല വന്നിട്ടുണ്ട്, മെഡിക്കൽ യൂണിവേഴ്സിറ്റി വന്നിട്ടുണ്ട്. മാത്രമല്ല, നമ്മുടെ സംസ്ഥാനത്ത് എല്ലാ യൂണിവേഴ്സിറ്റികളും നടത്തുന്ന പരീക്ഷയിൽ വിജയിക്കുന്ന കുട്ടികൾ കോമൺ എൻട്രൻസ് എക്സാമിനേഷനിലൂടെ ഒരേ ദിവസംതന്നെ കോഴിക്കോടും തിരുവനന്തപുരത്തും അഡ്മിഷൻ തേടുന്നു. പക്ഷേ പരീക്ഷ നടത്തുന്നതിന്റെ വ്യത്യാസമെന്നു പറഞ്ഞാൽ ആറ് മാസമാണ്. അങ്ങനെ പരീക്ഷാ നടത്തിപ്പിൽ, അക്കാഡമിക് സൈഡിൽ, ഗവേഷണ രംഗത്ത്, അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുള്ള കോളേജുകളുടെ നിലവാരം ഉയർത്തുന്ന കാര്യത്തിൽ അന്യോന്യം മെഡിക്കൽ എഡ്യൂക്കേഷൻ ഇൻസ്റ്റിറ്റ്യൂഷൻസിന് ഇതെല്ലാമായി ബന്ധപ്പെട്ടുകൊണ്ട് മെഡിക്കൽ യൂണിവേഴ്സിറ്റിക്ക് ധാരാളം കാര്യങ്ങൾ ചെയ്യാൻ കഴിയുന്നതാണ്.

ശ്രീ. കെ. ടി. ജലീൽ: സർ, അലോപ്പതി, ഹോമിയോ, ആയുർവ്വേദം ഇവയ്ക്ക് മാത്രമാണ് സെപ്പറേറ്റായി കോളേജുകൾ കേരളത്തിലുള്ളത്. യൂനാനി-സിദ്ധ-നാച്വറോപ്പതി ഇവയ്ക്ക് സെപ്പറേറ്റായിട്ടുള്ള കോളേജുകൾ കേരളത്തിൽ ഇല്ല. യൂനാനിക്ക് ഒരു ഡിപ്ലോമ കോഴ്സ് പോലും അംഗീകൃതമായി കേരളത്തിൽ നൽകപ്പെടുന്നില്ല. ഈ കുറവു പരിഹരിക്കുന്നതിന് പുതിയ മെഡിക്കൽ യൂണിവേഴ്സിറ്റിയുടെ

LIBRARY ARCHIVES Kerala Legislative Assembly

കീഴിൽ നാചുറോപ്പതി, സിദ്ധ-യൂനാനി എന്നിവയ്ക്ക് ഏറ്റവും ചുരുങ്ങിയത് അടുത്ത അധ്യയന വർഷംമുതലെങ്കിലും സെപ്പറേറ്റായിട്ടുള്ള ഡിപ്പാർട്ടുമെന്റ് ആരംഭിച്ച് ഡിഗ്രി, പി. ജി. കോഴ്സുകൾ എന്നിവ ആരംഭിക്കുന്നതിന് മുൻകൈ എടുക്കുമോ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, സിദ്ധയ്ക്ക് തിരുവനന്തപുരത്തെ ശാന്തിഗിരിയിൽ ഒരു കോളേജ് ഉണ്ട്. യൂനാനിക്കും നാചുറോപ്പതിക്കും കേരളത്തിൽ കോളേജില്ല. പക്ഷേ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനെക്കുറിച്ചൊക്കെ തീർച്ചയായും ഭാവിയിൽ ആലോചിക്കാവുന്നതേയുള്ളൂ. യൂനാനി വളരെ പ്രശസ്തമായ മേഖലയാണ്. വളരെയേറെ ആളുകൾ താല്പര്യപ്പെടുന്ന ഒരു മേഖലയാണ് നാചുറോപ്പതി. ഇതിലെല്ലാം എന്ത് ചെയ്യണമെന്നതിനെ സംബന്ധിച്ച് യൂണിവേഴ്സിറ്റിക്കും ഗവൺമെന്റിനും ആലോചിക്കാവുന്നതേയുള്ളൂ.

ശ്രീ. സി. പി. മുഹമ്മദ്: സർ, വൈദ്യശാസ്ത്ര രംഗം അനുദിനം വിജ്ഞാന വിസ്ഫോടനം നടക്കുന്ന ഒരു മേഖലയാണ്. ഏറ്റവും പുതിയ മരുന്നുകൾ, രോഗം ഡയഗ്നൈസ് ചെയ്യാനുള്ള ഉപകരണങ്ങൾ ഇവ കണ്ടുപിടിക്കാൻ സാധിച്ചിട്ടില്ലെങ്കിൽ ഇന്നലത്തെ മെഡിക്കൽ വിദ്യാഭ്യാസം കാലഹരണപ്പെട്ടതാണ്. നമ്മുടെ യൂണിവേഴ്സിറ്റിയുടെ പ്രധാനമായ ധർമ്മം പുതിയ മരുന്നുകൾ, പുതിയ ഉപകരണങ്ങൾ ഇവ കണ്ടുപിടിക്കുന്നതിനുള്ള ഗവേഷണമായിരിക്കണം. ഋഷിപ്രോക്തമായ ആയുർവ്വേദം അതിന്റെ തനത് സ്വഭാവം മാറ്റാതെ കൂടുതൽ അഭിവൃദ്ധിപ്പെടുത്താനുള്ള ശ്രമം ആവശ്യമാണ്. കണ്ണൂർ യൂണിവേഴ്സിറ്റി, ശങ്കരാചാര്യ യൂണിവേഴ്സിറ്റി, എം. ജി. യൂണിവേഴ്സിറ്റി എന്നിവ സ്ഥാപിച്ചപ്പോൾ ഇതര യൂണിവേഴ്സിറ്റിയിലെ ജീവനക്കാർക്ക് ഓപ്ഷൻ നൽകിയിരുന്നു. പരീക്ഷാ നടത്തിപ്പിനും അഡ്മിനിസ്ട്രേഷനും ഇതര യൂണിവേഴ്സിറ്റികളിൽ നിന്നും ജീവനക്കാരെ മെഡിക്കൽ യൂണിവേഴ്സിറ്റിയിലേക്ക് മാറ്റാൻ തീരുമാനിച്ചതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ് ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, ഈ വർഷം യഥാർത്ഥത്തിൽ അധികം ജീവനക്കാർക്ക് വരാൻ പറ്റില്ല. കാരണം പരീക്ഷയൊന്നും തുടങ്ങിയിട്ടില്ല. അതേസമയത്ത് ബഹുമാനപ്പെട്ട സി. പി. മുഹമ്മദ് പറഞ്ഞിട്ടുള്ള കാര്യം വളരെ ശരിയാണ്. കഴിഞ്ഞ കാലങ്ങളിലെല്ലാം ചികിത്സയ്ക്ക് മാത്രം പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ഒരു സ്ഥിതിയായിരുന്നു മെഡിക്കൽ കോളേജുകളിൽ ഉണ്ടായിരുന്നത്. പക്ഷേ അതിനുപകരം ചികിത്സ മെച്ചപ്പെടണമെങ്കിൽ പഠനവും ഗവേഷണവും വളരെ പ്രധാനപ്പെട്ടതാണ്. ഇതിന് ഊന്നൽ നൽകുന്ന ഒരു നിയമം ഉണ്ടാക്കണമെന്നുള്ള നിലയ്ക്കുതന്നെയാണ് ആരോഗ്യ സർവ്വകലാശാലയുമായി ബന്ധപ്പെട്ടുകൊണ്ട് ഗവൺമെന്റ് ആലോചിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly